**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2552** **12.02.2019-ൽ മറുപടിയ്ക്ക്**

**ഹാംലെറ്റ് പദ്ധതി**

**ചോദ്യം**

**ശ്രീ.കെ.സി.ജോസഫ്**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കണ്ണൂർ ജില്ലയിലെ പയ്യാവൂർ പഞ്ചായത്തിൽപ്പെട്ട വാതിൽമട ഭൂദാൻ കോളനിയിൽ ഹാംലെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികൾ ഇതിനോടകം പൂർത്തിയായിട്ടുണ്ടെന്നും ഇതിലേക്കായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | എ) | കണ്ണൂർ ജില്ലയിൽ പയ്യാവൂർ പഞ്ചായത്തിലെ വാതിൽമട ഭൂദാനം കോളനിയിൽ ഹാംലെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ശ്മശാനം നിർമ്മാണം, ശ്മശാനത്തിന് ചുറ്റമതിൽ നിർമ്മാണം, വീരഭദ്ര ക്ഷേത്രത്തിന് ചുറ്റമതിൽ നിർമ്മാണം, ഓപ്പൺ സ്റ്റേജ് ചുറ്റമതിൽ നിർമ്മാണം, വായനശാല അറ്റകുറ്റപണി, ആചാര്യ വിനോബഭാവവെ സാംസ്കാരിക നിലയം അറ്റകുറ്റപ്പണി, ഇലക്ട്രിക്കൽ വർക്ക്, കിച്ചൺ, ടോയ്‌ലറ്റ് നിർമ്മാണം, കിണർ നിർമ്മാണം, 16 വീടുകളുടെ അറ്റകുറ്റപണി, കക്കൂസ് നിർമ്മാണം 25, 4 കുഴൽകിണർ നിർമ്മാണം, 10 കിണർ റിപ്പയർ എന്നീ പദ്ധതികൾക്ക് അംഗീകാരം നൽകിയിരുന്നു. ഇതിൽ വീരഭദ്ര ക്ഷേത്രത്തിന് ചുറ്റമതിൽ നിർമ്മാണം, സാംസ്കാരിക നിലയം, ഇലക്ട്രിക്കൽ വർക്ക്, ഓപ്പൺകിണർ നിർമ്മാണം, 5 കിണറുകളുടെ റിപ്പയർ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുവാനുണ്ട്. നിർവ്വഹണ ഏജൻസിയായ എഫ്.ഐ.ടിയ്ക്ക് ആകെ 52,39,311/-രൂപ നൽകിയിട്ടുണ്ട്. |
| ബി) | പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത ഫോറസ്റ്റ് ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഭാഗത്തുനിന്ന് ഉണ്ടായ ഗുരുതരമായ വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | വാതിൽമട കോളനിയിലെ അവശേഷിക്കുന്ന പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | സി) | ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**